പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 794

27.04.2017-ൽ
മറുപടിയ്ക്ക്

## മദ്യ-മയക്കമരുന്ന് വ്യാപനം തടയുവാൻ നടപടി

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ: | ഉത്തരം<br>ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) എക്സൈസ് വകുപ്പിൽ ആവശ്യത്തിന് മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) എക്സൈസ് വകുപ്പിൽ ആഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ കേഡറിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. വകുപ്പിൽ നിലവിൽ ആവശ്യത്തിന് മിനിസ്റ്റീരിയൽ ജീവനക്കാർ ഉണ്ട്. |
| (ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച പഠനം എക്സൈസ് വകുപ്പ് നടത്തിയിട്ടില്ല. |
| (സി) മയക്കമരുന്നുകളുടെയും മറ്റും വ്യാപനം തടയുവാൻ ആവശ്യത്തിന് ജീവനക്കാരെ | (സി) മദ്യം, മയക്കമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നത് |

| | | | |
|---|---|---|---|
| | പി.എസ്.സി വഴി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | | സംബന്ധിച്ച് എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | അനധികൃത മദ്യ-മയക്കുമരുന്ന് നിർമ്മാണ-വിതരണ പ്രവർത്തനങ്ങൾ തടയാൻ സ്വീകരിച്ചു വരുന്ന മുൻകരുതലുകൾ വിശദമാക്കുമോ? | (ഡി) | അനധികൃത മദ്യ - മയക്കുമരുന്ന് നിർമ്മാണ- വിതരണ പ്രവർത്തനങ്ങൾ തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി റെയ്ഡുകളും വാഹന പരിശോധനയും നടത്തി വരുന്നു. ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തി വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡുകളും കർണ്ണാടക, തമിഴ് നാട് എന്നീ സംസ്ഥാനങ്ങളിലെ എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് അന്തർ സംസ്ഥാന ബോർഡർ പട്രോളിംഗുകളും, റെയ്ഡുകളും നടത്തി വരുന്നുണ്ട്. സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് രഹസ്യ നിരീക്ഷണം നടത്തി അനധികൃത മദ്യ-മയക്കുമരുന്ന് |

നിർമ്മാണ വിതരണ പ്രവർത്തനങ്ങളെ

തടയുന്നു.

സെക്ഷൻ ഓഫീസർ